പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:1658 14.12.2012-ൽ മറുപടിയ്ക്ക്

## സർക്കാർ പ്രസ്സുകളിലെ പർച്ചേസുകളും അദർഡ്യൂട്ടി വ്യവസ്ഥയും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം.ഹംസ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ പ്രസ്സുകളിലേക്കാവശ്യമായ പർച്ചേസുകൾ നടത്തുമ്പോൾ സ്റ്റോർ പർച്ചേസ് മാന്വൽ അനുസരിക്കുന്നില്ല എന്ന ഗുരുതരമായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) | ഉണ്ട്, പരിശോധിച്ചുവരുന്നു |
| (ബി) | സർക്കാർ പ്രസ്സുകളിൽ "അദർഡ്യൂട്ടി വ്യവസ്ഥ" നിലവിലുണ്ടോ; അദർ ഡ്യൂട്ടി വ്യവസ്ഥ നിലവിലില്ല എന്ന നയത്തിന് വിരുദ്ധമായി പ്രസ്സ് അധി കാരികൾ അദർഡ്യൂട്ടി അനുവദിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കാ മോ ? | (ബി) | ഇല്ല. എന്നാൽ കോഴിക്കോട്, കൊല്ലം ഗവൺമെന്റ് പ്രസ്സുകളിൽ ആവശ്യം വേണ്ട തസ്തികകൾ സൃഷ്ടിക്കാത്ത തിനാൽ ഏതാനും ജീവനക്കാരെയും തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, മണ്ണന്തല, വാഴൂർ എന്നീ പ്രസ്സുകളിൽ ബഡ്ജറ്റ്, ഡയറി, കലണ്ടർ തുടങ്ങിയ അടിയന്തിര ജോലി സമയ ബന്ധിതമായി പൂർത്തിയാ ക്കേണ്ടി വരുമ്പോഴും ചില പ്രത്യേക സാഹചര്യങ്ങളിൽ മാനുഷിക പരിഗണന നൽകേണ്ട കേസുകളിലും ചില ജീവനക്കാർക്ക് പ്രവർത്തന ക്രമീകരണാർത്ഥം / വർക്കിംഗ് അറേൻജ്മെന്റ് വ്യവസ്ഥ പ്രകാരം നിയമനം നൽകിയിട്ടുണ്ട്. |

Pushpa Kumari
സെക്ഷൻ ഓഫീസർ